# മൈക്കൽ ഷുമാക്കർ കാർ റേസിംഗിലെ ഇതിഹാസം

• അസുരമംഗലം വിജയകുമാർ




**അവിശ്വസനീയമായ നേട്ടങ്ങളുടെ കൊടുമുടികൾ കീഴടക്കിയ ലോകപ്രശസ്ത കാർ റേസിംഗ് ചാമ്പ്യനായ മൈക്കൽ ഷൂമാക്കറുടെ വിജയങ്ങളുടെയും പതനത്തിന്റെയും കഥ**

പാടത്തു പണിയെടുക്കുന്ന മാതാപിതാക്കളോടൊപ്പം വണ്ടിയുരുട്ടി നടക്കുന്ന ഒരു അഞ്ചുവയസ്സുകാരൻ. പിതാവിനെക്കാൾ മികവിൽ വാഹനം നിയന്ത്രിച്ച് ലക്ഷ്യത്തിലെത്തിക്കുന്ന മിടുക്കൻ. പിൽക്കാലത്ത് തുടർച്ചയായി അഞ്ചുതവണ കാർ റേസിംഗിൽ ലോകചാമ്പ്യൻ പട്ടം കരസ്ഥമാക്കിയ മൈക്കൽ ഷൂമാക്കറായിരുന്നു അവൻ! 1969-ൽ ജർമ്മനിയിൽ ഒരു പാവപ്പെട്ട ഇഷ്ടികപ്പണിക്കാരന്റെ മകനായിട്ടാണ് മൈക്കൽ

▸▸ വിധവാവിവാഹം മുഖ്യ പ്രമേയമാക്കി ലളിതാംബിക അന്തർജനം രചിച്ച നാടകം– പുനർജൻമം

ഷൂമാക്കർ ജനിച്ചത്. അവന് നാലുവയസ്സുള്ളപ്പോൾ പെഡൽകാർട്ട് (നാലുവീലുള്ള സൈക്കിൾ പോലെത്തെ വാഹനം) എന്ന വാഹനത്തിനു പിതാവ് ഒരു ചെറിയ മോട്ടോർ എഞ്ചിൻ ഘടിപ്പിച്ചു കൊടുത്തു. താമസിയാതെ കാർട്ട് ക്ലബിൽ അവൻ അംഗത്വം നേടിയെടുക്കുകയും ചെയ്തു. ആറാമെത്തെ വയസ്സിൽ അവിടെ നടന്ന കാർട്ട് റേസിംഗ് ടൂർണമെന്റിൽ ഷൂമാക്കർ ജേതാവായി. ശക്തിയേറിയ എഞ്ചിനുള്ള ഒരു വാഹനം വാങ്ങിക്കൊടുക്കാൻ അദ്ദേഹത്തിന്റെ പിതാവിന് കഴിഞ്ഞില്ലെങ്കിലും പ്രാദേശിക വ്യവസായികളുടെ സഹായത്തോടെ ഷൂമാക്കർ ഒരു വാഹനം വാങ്ങുകയും ടൂർണമെന്റുകളിൽ പങ്കെടുക്കുകയും ചെയ്തു.

മോട്ടോർ ഘടിപ്പിച്ച ചെറുവാഹനങ്ങളിൽ പരിശീലനം തുടർന്ന ഷൂമാക്കർ നിരവധി ചെറുമത്സരങ്ങളിൽ തന്റെ പ്രാവീണ്യം തെളിയിച്ചുകൊണ്ടിരുന്നു. മകന്റെ കഴിവിൽ സന്തുഷ്ടരായ മാതാപിതാക്കൾ അവന് വേണ്ടത്ര പ്രോത്സാഹനവും നൽകി. 1988-ൽ ഒരു റേസിംഗ് സ്കൂൾ മാനേജരായ വെബർ തന്റെ സ്ഥാപനത്തിലേക്ക് ഷൂമാക്കറെ കൂട്ടിക്കൊണ്ടുപോയി.

ഷൂമാക്കറുടെ കാർറേസിംഗിലെ പരിശീലനമികവ് കണ്ടറിഞ്ഞ അദ്ദേഹം അവനെ ഒരു ഫോർമുല വൺ ടീമിന്റെ ഉടമസ്ഥനായ എഡ്ഡി ജോർദ്ദാന്റെയടുക്കലെത്തിച്ചു.

1991-ലെ ബെൽജിയൻ ഗ്രാന്റ് പ്രിക്സിൽ ഒരു പകരക്കാരനായി അരങ്ങേറിയ ഷൂമാക്കറുടെ അത്ഭുതസിദ്ധി മനസ്സിലാക്കിയ എഡ്ഡി ജോർദ്ദാൻ ഒരാഴ്ചക്കകം




## കാർ റേസിംഗ്

1880-ൽ പെട്രോൾ കാറുകൾ ഉണ്ടായതോടെ കാർ റേസിംഗിന്റെ കാലവും തുടങ്ങുന്നു. 1894-ൽ പാരീസിൽ നടന്ന 80 കിലോമീറ്റർ മത്സര പരിധിയിലുള്ളതായിരുന്നു ചരിത്രത്തിൽ ആദ്യത്തെ കാർ റേസിംഗ്

1900 ആകുന്നതോടുകൂടി ഫ്രാൻസിലും അമേരിക്കയിലും കാർ റേസിംഗ് വ്യാപകമായി. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ കാണികളുള്ള ഒരു ഇനമാണിത്. ടെലിവിഷനിലും സൈബർ മീഡിയയിലും കോടിക്കണക്കിന് ആളുകൾ ഉദ്വേഗത്തോടെ കാർ റേസിംഗ് കാണുന്നു.

കാർ റേസിംഗുകളെ സ്പോർട്സ് ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാർ റേസിംഗ് വിജയിക്കാനുള്ള ഡ്രൈവറുടെ മാനസിക സന്നദ്ധതയും ആത്മവിശ്വാസവും മറ്റേതൊരു കായിക മത്സരത്തേക്കാളും വളരെ മുന്നിലാണ്.

പ്രത്യേകം നിർമ്മിക്കുന്ന കാറുകളാണ് പന്തയങ്ങളിൽ ഉപയോഗിക്കുന്നത്.

ലോകത്ത് നടക്കുന്ന ഏറ്റവും പ്രശസ്തമായ മൂന്ന് കാർ റേസിംഗ് മത്സരങ്ങൾ 1929-ൽ മുതൽ നടന്നുവരുന്ന മൊറോക്കോ ഗ്രാൻറ് പിക്സും, ഇന്ത്യൻ പോളിസ് 500 ഉം, 24 ഹൗർഡ് ഓഫ് മാൻസും ആണ്.

ബെനെട്ടൻ എന്ന ടീമിലേക്ക് ഷൂമാക്കറുമായി കരാർ ഒപ്പിട്ടു. 1992-ലെ ബെൽജിയൻ ഫോർമുല വൺ ചാമ്പ്യൻഷിപ്പിൽ ഷൂമാക്കർ തന്റെ ആദ്യ കിരീടം കരസ്ഥമാക്കി. തൊട്ടടുത്ത വർഷവും അദ്ദേഹത്തിനായിരുന്നു വിജയം.

1994-ൽ കാർ റേസിംഗിൽ ലോകകിരീടം ഷൂമാക്കർ സ്വന്തമാക്കി. ഈ ബഹുമതി നേടിയ ആദ്യത്തെ ജർമ്മൻകാരനായി അദ്ദേഹം. എട്ടു റൗണ്ട് മൽസരങ്ങളാണ് അദ്ദേഹം ഇതിനുവേ

▸▸ ഏറ്റവുമധികം ആണവ നിലയങ്ങൾ സ്ഥിതിചെയ്യുന്ന സംസ്ഥാനം- തമിഴ്നാട്

ണ്ടി വിജയകരമായി പൂർത്തിയാക്കിയത്. 1995-ലും ഷൂമാക്കർ ഈ വിജയം തുടർന്നു.

1996-ൽ ബെനെട്ടൺ ടീം വിട്ട് ഷൂമാക്കർ ഫെരാരി ടീമിൽ ചേർന്നു. 1979-ലെ അവസാന ചാമ്പ്യൻഷിപ്പ് നേട്ടത്തിനുശേഷം കാര്യമായ വിജയങ്ങളൊന്നും ഇല്ലാതിരുന്ന ഫെരാരി ടീം ഏറെ പ്രതീക്ഷകളോടെയാണ് ഇരുപത്തഞ്ച് മില്യൺ ഡോളറിന് ഷൂമാക്കറെ വാങ്ങിയത്.

എന്നാൽ 1996-ലെ ലോകചാമ്പ്യൻഷിപ്പിൽ ഷൂമാക്കറിന് വിജയിക്കാനായില്ല. ഡ്രൈവിംഗിലെ പിഴവുകളും മറ്റു ഡ്രൈവർമാരുമായുള്ള തർക്കങ്ങളും കൂട്ടിയിടിയും ഒക്കെയായപ്പോൾ അദ്ദേഹത്തിന് ആത്മവിശ്വാസം നഷ്ടപ്പെടുകയാണുണ്ടായത്. കിട്ടിയ രണ്ടാം സ്ഥാനം പോലും വിവാദമായതിനെത്തുടർന്ന് അധികൃതർ തിരിച്ചെടുത്തു.

അടുത്ത മൂന്നു സീസണുകളിലും ഷൂമാക്കറെ ദൗർഭാഗ്യം പിന്തുടർന്നു. 1998-ൽ റേസിംഗിനിടയിൽ കാറിന്റെ ടയർ പഞ്ചറായതിനാൽ മൽസരത്തിൽനിന്നും പുറത്തായി. 1999-ൽ ബ്രിട്ടീഷ് ഗ്രാന്റ്പ്രിക്സിലെ മൽസരത്തിനിടയിൽ കാറുകൾ കൂട്ടിയിടിച്ച് ഷൂമാക്കറിന്റെ കാലൊടിഞ്ഞു. അഞ്ചാം സ്ഥാനത്താണ് അദ്ദേഹത്തിന് ഫിനിഷ് ചെയ്യാനായത്.

എന്നാൽ ഷൂമാക്കർ തളർന്നില്ല. രണ്ടായിരാമാണ്ടിൽ ഷൂമാക്കർ തന്റെ കരിയറിലെ ഏറ്റവും മികച്ച നേട്ടങ്ങളുമായി തിരിച്ചെത്തി. 2000, 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ ഷൂമാക്കർ ലോകചാമ്പ്യനായി. ഇതോടെ ഫെരാരി ടീമിന്റെ കണ്ണിലുണ്ണിയായി മാറി ഷൂമാക്കർ.

ഫോർമുല വൺ സംഘാടകരെ ഞെട്ടിക്കുന്ന പ്രകടനമാണ് അദ്ദേഹം പുറത്തെടുത്തത്. ഏതു പ്രതിസന്ധിയേയും തരണം ചെയ്യുന്ന ഷൂമാക്കറുടെ റേസിംഗ് വൈഭവം അവരുടെ തലപുകച്ചു.

മൂന്നുതവണ ചാമ്പ്യനായപ്പോൾ വീണ്ടും ഷൂമാക്കർ ജയിക്കാതിരിക്കാനായി ചില വൻകിട കമ്പനികളുടെ നിർബന്ധത്തിനു വഴങ്ങി സംഘാടകർ ഫോർമുല വണ്ണിന്റെ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

കുറെക്കൂടി കാഠിന്യമേറിയ ഡ്രൈവിംഗ് രീതികൾ നടപ്പിലാക്കിയിട്ടും ഷൂമാക്കർ 2003-ലും 2004-ലും തന്റെ കിരീടം നിലനിർത്തുകയാണുണ്ടായത്. തുടർച്ചയായ അഞ്ചു കിരീടങ്ങളുൾപ്പെടെ ആകെ ഏഴു ലോകകിരീടങ്ങൾ അദ്ദേഹം സ്വന്തം പേരിൽ കുറിച്ചു. മൊത്തം 91 കിരീടങ്ങളാണ് ഷൂമാക്കർ തന്റെ കരിയറിൽ രേഖപ്പെടുത്തിയത്. ഇവയിൽ 2004-ൽ



▸▸ കോർണിയ മാറ്റ ശസ്ത്രക്രിയയുടെ പേര്- കെരാറ്റോ പ്ലാസ്റ്റി

മാത്രം നേടിയ 13 കിരീടങ്ങൾ സർവ്വകാല റെക്കോർഡാണ്.

2005-ൽ ഫോർമുല വൺ ചട്ടങ്ങൾ വീണ്ടും തിരുത്തപ്പെട്ടു. അക്കൊല്ലം സ്പെയിനിൽ നടന്ന ലോകചാമ്പ്യൻഷിപ്പിൽ ഷൂമാക്കറിന് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഇരുപത്തിനാലുകാരനായ ഫെർണാണ്ടോ അലൻസോവാണ് ഷൂമാക്കറെ തോൽപ്പിച്ച് കിരീടം ചൂടിയത്. 2006-ൽ തന്റെ അവസാന ലോകചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ഷൂമാക്കറിന് രണ്ടാം സ്ഥാനമാണ് നേടാനായത്.

അതോടെ ലോകചാമ്പ്യൻഷിപ്പുകളോട് വിടപറഞ്ഞ അദ്ദേഹം മറ്റു ഗ്രാന്റ് പ്രിക്സ് മൽസരങ്ങളിൽ തന്റെ സാന്നിധ്യം അറിയിച്ചുകൊണ്ടിരുന്നു. ചൈനീസ് ഗ്രാന്റ് പ്രിക്സിൽ ജേതാവായതാണ് അവസാനത്തെ നേട്ടം.

ലോകത്തിലെ ഏറ്റവും ധനികനായ ഫോർമുല വൺ ഡ്രൈവറായിരുന്നു ഷൂമാക്കർ. ഓരോ വർഷവും വരുമാനം 80 മില്ല്യൻ ഡോളറായിരുന്നു.

ഗോൾഫ് കളിക്കാരനായ ടൈഗർ വുഡ്സ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനമുള്ള കായികതാരവും അദ്ദേഹമായിരുന്നു.

2012 വരെ കാറോട്ടങ്ങളിൽ സജീവമായിരുന്ന ഷൂമാക്കറെ വിധി കീഴടക്കിയത് മറ്റൊരു വിധത്തിലാണ്. 2013 ഡിസംബറിൽ ആൽപ്സ് പർവത നിരകളിൽ സ്കീയിങ്ങിനു പോയ ഷൂമാക്കർ തെന്നിവീണ് അപകടത്തിൽപ്പെടുകയാണുണ്ടായത്.

ആറുമാസം അബോധാവസ്ഥയിൽ കിടന്നു അദ്ദേഹം. അതിനുശേഷം സ്വന്തം വസതിയിലും ഏതൊക്കെയോ അജ്ഞാത ചികിത്സാകേന്ദ്രങ്ങളിലുമായി ജീവിതം തള്ളിനീക്കുകയാണ് ഇപ്പോൾ ഷൂമാക്കർ.

അദ്ദേഹം സമ്പാദിച്ച വരുമാനത്തിന്റെ ഭൂരിഭാഗവും ചികിത്സക്കും മറ്റുമായി ചെലവഴിച്ചുവെന്നാണ് വാർത്തകൾ. നിൽക്കാനോ നടക്കാനോ കഴിയാത്ത അവസ്ഥയിൽ പാടെ തകർന്നുപോയ മൈക്കൽ ഷൂമാക്കറുടെ വർത്തമാനകാലജീവിതം കായികപ്രേമികൾക്ക് വേദനയായി അവശേഷിക്കുന്നു.

●



## കാർറൈസിലെ പ്രധാന മത്സര ഇനങ്ങൾ

**ഫോർമുല റേസിംഗ്**

ഏറ്റവും പ്രഫഷണലും പ്രശസ്തവുമാണിത്. ഒരു സീറ്റു മാത്രമേ ഈ മത്സരങ്ങളിലെ കാറുകൾക്ക് ഉണ്ടാകൂ. വീലുകൾ പുറത്തേക്കായിരിക്കും.

**സ്പോർട്ട് കാർ റേസിംഗ്**

ഇതിൽ രണ്ട് സീറ്റുകൾ ഉണ്ടാകും. സ്പോർട്സ് കാർ റേസിംഗിലെ പ്രധാന മത്സരങ്ങൾ FIA വേൾഡ് ഇൻസൂറൻസ് ചാമ്പ്യൻഷിപ്പ്, അമേരിക്കയിലെ റോളക്സ് സ്പോർട്സ് കാർ സീരീസ് എന്നിവയാണ്.

**സ്റ്റോക്ക് കാർ റേസിംഗ്**

അമേരിക്കയിലാണ് ഈ ഇനം കാർ റേസിംഗുകൾ കൂടുതൽ നടക്കുന്നത്. സ്പ്രിന്റ് കപ്പ് സീരിസ്, സൈട്ടോണ 500, സൗതേൺ 500 മുതലായവ പ്രധാന മത്സരങ്ങളാണ്.

▸▸ ലോകത്തിലെ ആദ്യത്തെ കണ്ണ് മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയത്- ഡോ. എഡ്വേർഡ് കൊണാർഡ്സിം